**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**
**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.3743 -**
**21/06/2018 ലെ മറുപടിക്ക്**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ. എം. മാണി | ഡോ. ടി.എം. തോമസ് ഐസക്, ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി |

**ക്ഷാമബത്ത കുടിശ്ശിക**

| ചോദ്യം | മറുപടി |
|---|---|
| (എ) സംസ്ഥാന ജീവനക്കാരുടെയും പെൻഷൻകാരുടെയും ക്ഷാമബത്ത ഈ സർക്കാർ വന്ന ശേഷം എത്ര തവണ കുടിശ്ശിക ആയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | 1/01/2018 പ്രാബല്യത്തിൽ കേന്ദ്ര സർക്കാർ അനുവദിച്ച 2% ക്ഷാമബത്തയ്ക്ക് ആനുപാതികമായ ക്ഷാമബത്തയാണ് സംസ്ഥാന ജീവനക്കാർക്കും പെൻഷൻകാർക്കും കുടിശ്ശികയായുള്ളത്. |
| (ബി) ഈ കുടിശ്ശിക നൽകുവാൻ എത്ര തുക ആവശ്യമാണ്; കുടിശ്ശിക എന്നത്തേയ്ക്ക് നൽകുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ; | 01/01/2018 പ്രാബല്യത്തിലുള്ള ക്ഷാമബത്ത കുടിശ്ശികയുടെ സാമ്പത്തിക ബാധ്യത കണക്കാക്കിയിട്ടില്ല. പ്രസ്തുത ക്ഷാമബത്ത കുടിശ്ശിക അനുവദിക്കുന്നതു സംബന്ധിച്ച് സർക്കാർ പരിശോധിച്ചു വരുന്നു. |
| (സി) ജീവനക്കാർക്കും പെൻഷൻകാർക്കും കാലാകാലങ്ങളിൽ കേന്ദ്രസർക്കാർ നൽകുന്ന രീതിയിലും തോതിലുമാണോ ഇപ്പോൾ ക്ഷാമബത്ത നൽകുന്നത്; അല്ലെങ്കിൽ ഏത് രീതിയിലാണ് ക്ഷാമബത്ത നൽകുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | കേന്ദ്ര സർക്കാർ ക്ഷാമബത്ത പ്രഖ്യാപിക്കുമ്പോൾ ലേബർ ബ്യൂറോ പുറപ്പെടുവിക്കുന്ന വില സൂചികയുടെ അടിസ്ഥാനത്തിലും കാലാകാലങ്ങളിലെ ശമ്പള പരിഷ്കരണ ഉത്തരവുകളിലെ index factor-ന്റെ അടിസ്ഥാനത്തിലുമാണ് സംസ്ഥാന സർക്കാർ ജീവനക്കാർക്കും/പെൻഷൻകാർക്കും ക്ഷാമബത്ത/ ക്ഷാമാശ്വാസം അനുവദിക്കുന്നത്. |

സെക്ഷൻ ഓഫീസർ